
# US PROFILES



## ഹരി നമ്പൂതിരി

emalayalee.com



# ഹാപ്പിനെസ് ഈസ് എ ചോയിസ്: ഹരി നമ്പൂതിരി

**◉ മീട്ടു റഹ്മത്ത് കലാം**

നാടകത്തിലായാലും സിനിമയിലായാലും ഒരു നടന് നിരവധി വേഷങ്ങൾ കെട്ടേണ്ടിവരും. യുവാവായിരിക്കെ അഭിനയത്തിൽ താല്പര്യമുണ്ടായിരുന്ന ഹരി നമ്പൂതിരി, സിനിമയിൽ പല വേഷങ്ങളും പകർന്നാടിയിട്ടുണ്ട്. എം.എ റാങ്ക് നേടിയ ശേഷം തനിക്ക് കീഴിൽ മൂവായിരം പേർ ജോലി ചെയ്യുന്ന സുസ്ഥിരമായ ഉദ്യോഗത്തിലിരിക്കെ അമേരിക്കയിലേക്ക് ജീവിതം പറിച്ചുനട്ടപ്പോൾ, സിനിമയെ വെല്ലുന്ന മുഹൂർത്തങ്ങളിലൂടെയാണ് അദ്ദേഹത്തിന് കടന്നുപോകേണ്ടി വന്നിട്ടുള്ളത്. ഹൗസ് കീപ്പിങ് ജോലിയിൽ തുടങ്ങി ഹോസ്പിറ്റൽ സിഇഒ വരെ ആയിത്തീർന്ന ആ ജീവിതത്തിൽ നിന്ന് പുതുതലമുറയ്ക്ക് പഠിക്കാനും പകർത്താനും പലതുമുണ്ട്.

ആശ്വാസത്തിന്റെ കരുതൽ പകരുന്ന കൺസൽറ്റ് സോംബ്രില്ലയുടെ സിഇഒ, ബിൽറ്റുമോർ ആൻഡ് ബാഴ്സലോണ അസിസ്റ്റഡ് ലിവിങ് സെന്ററുകളുടെ പ്രസിഡന്റ് & സിഇഒ, ടെക്സസ് ഗവർണറുടെ കീഴിൽ നഴ്സിംഗ് ഫെസിലിറ്റി അഡ്വൈസറി ബോർഡ് അംഗം എന്നിങ്ങനെ കൈവച്ച എല്ലാ മേഖലകളിലും തിളങ്ങാൻ സാധിച്ച അപൂർവത, സ്വയംസമർപ്പിതമായി പ്രവർത്തിക്കുന്നതിന്റെ പ്രതിഫലനമാണ്. നാഷണൽ ക്വാളിറ്റി ക്യാബിനറ്റിൽ അംഗമാകുന്ന ആദ്യ ഭാരതീയരിൽ ഒരാൾ, സൗത്ത് ടെക്സസിൽ സാമൂഹിക പ്രവർത്തനത്തിനും നേതൃപാടവത്തിനും കോൺഗ്രഷണൽ അംഗീകാരം നേടിയ ആദ്യ ഇന്ത്യക്കാരൻ തുടങ്ങിയ വിശേഷണങ്ങൾ ഈ ബഹുമുഖപ്രതിഭയുടെ മാറ്റ് കൂട്ടുന്നു. അമേരിക്കയിലെ പ്രമുഖ ഓൺലൈൻ മാധ്യമമായ ഗ്ലോബൽ ഇന്ത്യൻ മീഡിയയുടെ സിഇഒ യും എഡിറ്റർ ഇൻ ചീഫുമായ ഹരി നമ്പൂതിരി, സാമൂഹിക പ്രതിബദ്ധ



തയുള്ള നിരവധി ലേഖനങ്ങളും വാർത്താധിഷ്ഠിത പരിപാടികളും അവതരിപ്പിച്ചുവരികയാണ്.

ചീഫ് ഹാപ്പിനസ് ഓഫിസർ, പ്രഭാഷകൻ, എഴുത്തുകാരൻ, മാധ്യമപ്രവർത്തകൻ, നടൻ തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ ഹരി നമ്പൂതിരി, സ്വതസിദ്ധമായ ശൈലിയിൽ തന്റെ അനുഭവങ്ങൾ ഇ-മലയാളി വായനക്കാരുമായി പങ്കുവയ്ക്കുന്നു...

**കേരളത്തിലെ ആദ്യകാലജീവിതം?**

കുട്ടനാട്ട് താലൂക്കിലെ തലവടി എന്ന ഗ്രാമത്തിലാണ് ജനിച്ചത്. കുടൽമന ഇല്ലത്തിലെ കൃഷ്ണൻ നമ്പൂതിരിയാണ് അച്ഛൻ. കൂത്താട്ടുകുളത്തിനടുത്ത് മുത്തോലപുരം മണയത്താറ്റ് ഇല്ലത്തെ ലീലാദേവിയാണ് അമ്മ. അച്ഛൻ കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ലക്ചറർ ആയിരുന്നതുകൊണ്ട് രണ്ടാം ക്ലാസുവരെ അവിടെയാണ് പഠിച്ചത്. തിരിച്ചെത്തി മൂന്നാം ക്ലാസിൽ തലവടിയിൽ ചേർന്നു.ആ സമയത്തായിരുന്നു ഉപനയനവും പൂണൂലിടലും നടന്നത്. നാലാം ക്ലാസ് മുതൽ ജീവിതം തിരുവനന്തപുരത്തേക്ക് പറിച്ചുനട്ടു.

ക്രിസ് ഗോപാലകൃഷ്ണനെയും ലാലേട്ടനെയും (മോഹൻലാൽ) പോലുള്ള പ്രഗത്ഭമതികൾ പഠിച്ചിറങ്ങിയ തിരുവനന്തപുരം ഗവൺമെന്റ് മോഡൽ സ്ക്കൂളിലായിരുന്നു നാലാം ക്ലാസ് മുതലുള്ള വിദ്യാഭ്യാസം. അതിനടുത്ത് ഒരു വാടകവീട്ടിലായിരുന്നു താമസം. അക്കാലയളവിൽ യൂണിവേഴ്സിറ്റി കോളജിൽ ലക്ച്ചററായിരുന്ന അച്ഛൻ പിന്നീട് പ്രൊഫസറും പ്രിൻസിപ്പലുമായി. എസ് എസ്.എൽ.സി. പാസായ ശേഷം ഗവൺമെന്റ് ആർട്സ് കോളജിൽ പ്രീഡിഗ്രിക്ക് ചേർന്നു. അപ്പോഴും കോളജ് മതിലിനോട് ചേർന്നൊരു വീട്ടിലായിരുന്നു താമസം. ബി.എ. ജിയോഗ്രഫി യൂണിവേഴ്സിറ്റി കോളജിൽ പഠിച്ചു. ജിയോഗ്രഫി ബി.എ യ്ക്ക് തുടങ്ങിയ സമയമായിരുന്നതിനാൽ നല്ല സ്കോപ്പുണ്ടെന്ന് അച്ഛൻ പറഞ്ഞിരുന്നു. അതിൽ മാസ്റ്റേഴ്സ് ചെയ്യാൻ ചിറ്റൂർ ഗവണ്മെന്റ് കോളജായിരുന്നു (പാലക്കാട്) ഏക ഓപ്ഷൻ. എം.എ. റാങ്കോടെ പാസായി.തുടർന്ന് തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിങ് കോളജിൽ നിന്ന് ബി.എഡ് പൂർത്തിയാക്കി.

കാര്യവട്ടം യൂണിവേഴ്സിറ്റിയിൽ ജിയോമോർഫോളജിക്കൽ സർവ്വേ ഡിപ്പാർട്ട്മെന്റിൽ ഏരിയൽ മാപ്പിംഗ് റിസർച്ച് അസോസിയേറ്റായാണ് ഔദ്യോഗിക ജീവിതത്തിന്റെ തുടക്കം. എം.എസ്.ഡബ്ലിയൂ പാസായ ശേഷം, ഹിന്ദുസ്ഥാൻ ലാറ്റക്സ് എന്ന സ്ഥാപനത്തിൽ മാനേജ്മെന്റ് ട്രെയിനി ആയി പ്രവേശിച്ചു. പിന്നീട് വെൽഫെയർ ഓഫീസറായി. ആക്കുളം പ്ലാന്റിൽ എച്ച് ആർ ചീഫായും പ്രവർത്തിക്കാൻ സാധിച്ചു. ഇതിനിടയിൽ തിരുവനന്തപുരം ഗവണ്മെന്റ് ലോ കോളജിൽ നിന്ന് എൽ.എൽ.ബി. കരസ്ഥമാക്കി. ഐ എം ജി ഡിപ്ലോമ ഇൻ മാനേജ്മെന്റ് പൂർത്തിയാക്കിയ സമയത്തായിരുന്നു വിവാഹം.ഞങ്ങൾ വേളി കഴിക്കുക എന്ന് പറയും. ഭാര്യമായ, കുമാരനല്ലൂർ ചൂരക്കാട് ഇല്ലത്തെയാണ്. അവിടത്തെ അമ്പലം അവരുടെ ഊരാഴ്മയിൽപെട്ടതാണ്. ശ്രീചിത്തിരതിരുനാൾ മെഡിക്കൽ സെന്ററിൽ സ്പീച്ച്-ലാംഗ്വേജ് പാത്തോളജിസ്റ്റായിരുന്നു.

**കലാപ്രവർത്തനങ്ങൾ?**







പ്രസംഗ മത്സരത്തിൽ ഞാൻ, വിജി തോംസൺ, ചെറിയാൻ ഫിലിപ്പ്, ജി.എസ്. പ്രദീപ്,എസ്.എസ്. ലാൽ, താരാ എസ് നായർ എന്നിവർ സ്ഥിരം സാന്നിധ്യമായിരുന്നു. ഞങ്ങളിൽ ആർക്കെങ്കിലുമായിരുന്നു ആദ്യ സ്ഥാനങ്ങൾ കിട്ടിയിരുന്നത്. കവിത എഴുതുന്നതും ചൊല്ലുന്നതും ഇഷ്ടമാണ്.ആക്ടിംഗിൽ പണ്ടേ താൽപര്യമുണ്ട്.അരവിന്ദൻ മാഷിന്റെ 'ഒരിടത്ത്' ആണ് അരങ്ങേറ്റ ചിത്രം. ഇന്റർനാഷണൽ ക്രിട്ടിക്സ് അവാർഡ് ലഭിച്ച ആ സിനിമയിൽ ,നെടുമുടി വേണു,ശ്രീനിവാസൻ,വിനീത്,സിത്താര എന്നിവർക്കൊപ്പം എം.എസ് തൃപ്പൂണിത്തുറയുടെ മകന്റെ വേഷമാണ് അതിൽ ചെയ്തത്. 'മൂന്നാം പക്കം' എന്ന സിനിമയിൽ അന്തിമകർമ്മങ്ങൾ ചെയ്യുന്ന നമ്പൂതിരിയുടെ ചെറിയ വേഷമായിരുന്നെങ്കിലും തിലകൻ, ജഗതി ശ്രീകുമാർ എന്നീ മഹാരഥന്മാർക്കൊപ്പം പത്മരാജന്റെ സംവിധാനത്തിൽ അഭിനയിക്കാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു.മമ്മൂട്ടിയോടൊപ്പം 'കരിയിലക്കാറ്റുപോലെ'യിലും മോഹൻലാലിനൊപ്പം 'എന്നിഷ്ടം നിന്നിഷ്ട'ത്തിലും അഭിനയിച്ചു. ഇടയ്ക്ക് ദൂരദർശനിൽ ജോലി ചെയ്തു.അമേരിക്കയിലേക്ക് വന്നില്ലായിരുന്നെങ്കിൽ ,ഒരുപക്ഷേ സിനിമയിൽ സജീവമാകുമായിരുന്നു. ഈ അടുത്ത്,ജീവൻ ടി.വി.യിൽ ന്യൂസ് റീഡറായി.സിനിമയിലും ഹ്രസ്വചിത്രങ്ങളിലും പരസ്യചിത്രങ്ങളിലും സമയം ഒത്തുവരുമ്പോൾ ഇപ്പോഴും അഭിനയിക്കാറുണ്ട്. തുടക്ക സംവിധാന സംരംഭമായ 'ലെറ്റ് അസ് ലവിന്' നിരവധി അവാർഡുകൾ ലഭിച്ചത്, മുന്നോട്ടുള്ള കലാപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം നൽകി. കഴിവുണ്ടെന്ന് വിശ്വാസം തോന്നുന്ന എല്ലാ മേഖലകളിലൂടെയും സഞ്ചരിക്കണമെന്നാണ് ഞാൻ കരുതുന്നത്.





**നാട്ടിൽ വച്ച് സംഘടനാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നോ?**

കല്ല്യാണം കഴിഞ്ഞ് രണ്ടു മൂന്നു വർഷം കഴിഞ്ഞ് യാദൃച്ഛികമായാണ് ചില സംഘടനകളുടെ ഭാഗമായി പ്രവർത്തിക്കാൻ അവസരം ലഭിച്ചത്. കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കാൻ അതിലൂടെ സാധിച്ചു. ബാലചന്ദ്രമേനോൻ തുടങ്ങിയ കുടുംബസംഗമമായ റോസസ് ഫാമിലി ക്ലബിന്റെ ആദ്യ സെക്രട്ടറിയായിരുന്നു. എൻ ഐ പി എം,ടി എം എ തുടങ്ങിയ പ്രൊഫഷണൽ സംഘടനകളുടെ നേതൃത്വം വഹിക്കാനും അവസരമുണ്ടായി.


**വിദേശ സ്വപ്നം ഉണ്ടായിരുന്നോ?**


റോസസ് ക്ലബിൽ അംഗമായിരുന്നു എഴുത്തുകാരി റോസ്മേരി. അവർക്ക് ഹസ്തരേഖ വശമുണ്ടായിരുന്നു. നിങ്ങളുടെ ജീവിതം ഇനിയുള്ള കാലം അമേരിക്കയിലായിരിക്കുമെന്ന് അവർ പ്രവചിച്ചിരുന്നെങ്കിലും ഞങ്ങളത് കാര്യമാക്കിയില്ല. നാട്ടിൽ ഗവണ്മെന്റ് അധിഷ്ഠിത സ്ഥാപനങ്ങളിൽ ജോലിചെയ്ത് തൃപ്തികരമായി ജീവിതം മുന്നോട്ടുപോകുമ്പോൾ വിദേശം സ്വപ്നം കാണേണ്ടതില്ലല്ലോ.

**അമേരിക്കയിലേക്ക് എത്തപ്പെട്ടത്?**


അമേരിക്കയിലേക്ക് സ്പീച്ച് തെറാപ്പിസ്റ്റിന്റെ ജോബ് ഓഫർ ഭാര്യയ്ക്ക് ലഭിച്ചെങ്കിലും യാഥാസ്ഥിക ബ്രാഹ്മിണ കുടുംബം ആയതു കൊണ്ടും വേളിയുടെ പ്രാരംഭനാളുകൾ ആയതുകൊണ്ടും,ഭർത്താവിനെക്കൂടാതെ മറ്റൊരു രാജ്യത്ത് ജോലിക്ക് പോകുന്നതിനെ വീട്ടുകാർ പിന്തുണച്ചില്ല. അങ്ങനെ







അത്  വേണ്ടെന്നു വച്ചു.പിന്നീട്, ആ എംപ്ലോയർ മദ്രാസിൽ വരികയും  ഇന്റർവ്യൂവിന് ക്ഷണിക്കുകയും ചെയ്തു. എന്നെകൂടി അമേരിക്കയ്ക്ക് കൊണ്ടുപോകണം എന്ന നിബന്ധന അവർ സമ്മതിച്ചു.തിങ്കിംഗ് ഔട്ട് സൈഡ് ദി ബോക്സ് സ്ട്രാറ്റജീസ് മനസ്സിൽ അപ്പോഴും ഉണ്ട് . ഏത് കാര്യങ്ങളും സധൈര്യം നേരിടണമെന്നും  റിസ്ക് ഇല്ലാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ലെന്നും അറിയാമായിരുന്നു.അങ്ങനെ, 1995 ൽ  ഭാര്യ  മിഷിഗണിൽ ജോലിക്കെത്തി. ആറുമാസം കഴിഞ്ഞ്  ടെന്നസിയുടെ തലസ്ഥാനമായ നാഷ്‌വില്ലയിൽ ഞാൻ വന്നിറങ്ങി.




**കേരളത്തിന് വെളിയിലേക്ക് അധികം സഞ്ചരിക്കാത്ത നമ്പൂതിരി യുവാവ് അമേരിക്കയിൽ കാലെടുത്തുവച്ചപ്പോൾ എന്തായിരുന്നു അവസ്ഥ?**

കാറോടിക്കാനും ടൈകെട്ടാനും അറിയില്ല.ഡിപെൻഡന്റ് വിസയിലാണ് എത്തിയത്. ഭാര്യ ജോലിക്കുപോകുമ്പോൾ ആദ്യമൊക്കെ പാചകം ചെയ്ത് വീട്ടിലിരുന്ന് സമയം കളഞ്ഞു. അങ്ങനെ തുടർന്നാൽ ശരിയാകില്ലെന്ന് ഒരു ഘട്ടത്തിൽ തോന്നി.ചെറുതെങ്കിലും ഒരു ജോലി തരപ്പെടുത്താൻ തീരുമാനിച്ചു. ടെന്നസി വൈറ്റ് പീപ്പിൾ ഏരിയയായിരുന്നു. അവിടെ ബ്രൗൺ സ്കിൻ ഉള്ളവരെ കണ്ടുകിട്ടുക ശ്രമകരമായിരുന്നു. ഗ്രോസറി സ്റ്റോറിൽ വച്ച് ഒരു ഗുജറാത്തിയെ പരിചയപ്പെട്ടത് വഴിത്തിരിവായി. അയാൾ എന്നെ ലയൺസ് ക്ലബിലേക്ക് ക്ഷണിച്ചു. അവിടെ കോട്ടും ടൈയും  നിർബന്ധമായിരുന്നു.  വരുന്നവഴി എന്നെ അപ്പാർട്ട്മെന്റിൽ കൊണ്ടു വിട്ടു.ഗരാജ് സെയിൽ എന്ന ബോർഡിൽ കണ്ണുടക്കി.ഗരാജിനോട് ചേർന്ന് പഴയവസ്ത്രങ്ങൾ വിൽക്കുന്ന ഒരു കുടുംബത്തെ കണ്ടു.  രണ്ടു ഡോളറിന് കോട്ടും 50 സെന്റിന് ടൈയും വാങ്ങി. ടൈ കെട്ടാൻ പരിചയമില്ലാത്തതിനാൽ അവരെകൊണ്ട് ടൈ കെട്ടിച്ചു. രാവിലെ ലയൺസ് ക്ലബിന്റെ മീറ്റിംഗിന് പോയി.അവരുമായി പരിചയം സ്ഥാപിച്ചു. അവർ പറയുന്നത് .കുറച്ചൊക്കെ മനസിലായി. സൗഹൃദസംഭാഷണത്തിനിടയിൽ, ഗുജറാത്തിയോട് അയാളുടെ ഹോട്ടലിൽ എന്തെങ്കിലും ജോലി ലഭിക്കുമോ എന്ന് അന്വേഷിച്ചു  .ഇന്ത്യയിൽ മൂവായിരം പേരെ മാനേജ് ചെയ്തിരുന്ന ആളാണെന്നതടക്കം എന്റെ യോഗ്യതകൾ വിശദീകരിക്കുകയും ചെയ്തു. ഹോട്ടലിലൊരു ഹൗസ്കീപ്പറിന്റെ ഒഴിവുണ്ടെന്ന് അയാൾ സൂചിപ്പിച്ചു. ഹോട്ടൽ മാനേജ് ചെയ്യുന്ന ജോലിയാണ് ഞാൻ പ്രതീക്ഷിച്ചതെങ്കിലും ഹൗസ് കീപ്പറാകാൻ തയ്യാറാണോ എന്നാണ് ഗുജറാത്തി എന്നോട് ചോദിച്ചത്. ഇത്രയും വിദ്യാഭ്യാസയോഗ്യതയുള്ളത് കൊണ്ട് തൂപ്പു ജോലിചെയ്യാൻ ആദ്യം മടിച്ചു.നാട്ടിൽ ആരും അറിയില്ലല്ലോ എന്ന ധൈര്യത്തിൽ അതിന് കൈകൊടുത്തു. ഏതു ജോലിക്കും അതിന്റെ മഹത്വമുണ്ടെന്ന് പിന്നീടാണ് തിരിച്ചറിഞ്ഞത്. ആ ഹോട്ടലിന്റെ ഉടമസ്ഥന്റെ ഭാര്യയാണ് ബാത്റൂം  ക്ലീൻ ചെയ്തിരുന്നത്. അവർ ഓടിച്ചിരുന്നത് മേഴ്സിഡെസ് ബെൻസായിരുന്നു.  സന്തോഷത്തോടെയാണ് അവർ ജോലി ചെയ്തിരുന്നത്. പുറകിലുള്ള ചെറിയ അപ്പാർട്ട്മെന്റിൽ സംതൃപ്തമായി അവർ താമസിക്കുന്നതും എനിക്കന്ന് അത്ഭുതമായിരുന്നു. ‘ഹാ

പ്പിനസ് ഈസ് എ ചോയിസ്,നോട്ട് എ റിസൾട്ട്’ എന്നു മനസിലാക്കാൻ അന്നത്തെ അനുഭവങ്ങൾ സഹായകമായി. രണ്ടുമാസം അവിടെ ജോലി ചെയ്തു. തലയിണയുറ ഇടുന്നതിനുവരെ നല്ല സ്കിൽ വേണം. അതല്ല എന്റെ ഫീൽഡ് എന്ന് ബോധ്യപ്പെട്ട് അവിടെനിന്ന് പടിയിറങ്ങി.

ഭാര്യയുടെ ജോലി ടെക്സാസിലെ കിങ്സ്‌വില്ലിലേക്ക് മാറി. ടെന്നസിയിലെ വീട്ടിൽ തെറാപ്പിസ്റ്റിനെ കൊണ്ടുപോയിരുന്നത് 80 വയസ്സുള്ള മിസ്സിസ് ബ്രൗൺ എന്ന ലേഡിയാണ് . അവരിൽ നിന്നാണ് ഞാൻ കാറോടിക്കാൻ പഠിക്കുന്നത് . ലൈസൻസ് എടുത്ത് ഒരു ഫോർഡ് എസ്കോർട്ട് വാങ്ങിച്ചു . ടെക്സസിൽ വന്ന ശേഷം വൈഫിന്റെ chauffeur ആയി . തെറാപ്പിസ്റ് വന്നിറങ്ങുന്പോൾ പിക്ക് ചെയ്യുക, കൊണ്ടാക്കുക എന്നിങ്ങനെയുള്ള ജോലി ചെയ്തു.







പിന്നീടൊരിക്കൽ, ക്ലാസിഫൈഡ്സിൽ സൈക്കോ തെറാപിസ്റ്റിനെ ആവശ്യമുണ്ട് എന്നൊരു പരസ്യം കണ്ടു. എം.എസ്.ഡബ്ലിയൂ പ്രിഫേർഡ് എന്നുകണ്ടതും ഞാൻ ആ വേക്കൻസിയിൽ അപേക്ഷ അയച്ചു. ആദ്യം താൽക്കാലിക ലൈസൻസും പിന്നീട് ഫുൾടൈം ലൈസൻസും എടുത്തു. സൈക്കോ തെറാപിസ്റ്റായി ജോലി ലഭിച്ച നഴ്സിംഗ് ഹോമിന് ഒരു മിനിയേച്ചർ ഹോസ്പിറ്റൽ സെറ്റപ്പായിരുന്നു. സർജറി ഒഴികെ എല്ലാം അവിടെ ചെയ്യുമായിരുന്നു.അവധൂത് എന്നുപേരുള്ള ഗുജറാത്തിയാണ് അത് നടത്തിയിരുന്നത് . രണ്ടു മാസം കഴിഞ്ഞപ്പോൾ സ്ഥാപനം അടയ്ക്കാൻ പോകുകയാണെന്നും ഭിന്നശേഷിക്കാരെ പരിചരിക്കുന്ന കേന്ദ്രത്തിലേക്ക് എന്റെ ജോലി മാറ്റുകയാണെന്നും അയാൾ പറഞ്ഞു. അത്തരക്കാരെ കുറിച്ച് ഒരു ധാരണയും എനിക്കുണ്ടായിരുന്നില്ല. അവിടെ ഓപ്പറേഷൻസ് ഒക്കെ നോക്കിയാൽ മതി എന്നുകേട്ടപ്പോൾ സമ്മതിച്ചു. ഒരു വർഷം ജോലി ചെയ്താൽ ഝഋങ ഞജ(ക്വാളിഫൈഡ് മെന്റൽ റീടാർഡേഷൻ പ്രൊഫഷണൽ) സർട്ടിഫൈഡ് ആകും. അതിന്റെ മുന്നിൽ ഒരു ദീർഘകാല പരിചരണ കേന്ദ്രം ഉണ്ടായിരുന്നു. അതും ഇയാളുടെ ഉടമസ്ഥതയിൽ ആയതുകൊണ്ട് അവിടെ കൂടെ കൺസൾട്ട് ചെയ്യാൻ പറഞ്ഞു . ഞാൻ എവിടെ പോയാലും കമ്പനിയുടെ സി ഇ ഓ -മാരുമായി വളരെ അടുത്ത ബന്ധം ഉണ്ടാക്കും.




ഹെൽത്ത് കെയർ അഡ്മിനിസ്ട്രേറ്ററായി ലൈസൻസ് എടുത്ത ശേഷം, സാവാ സീനിയർ കെയർ എന്ന സ്ഥാപനത്തിലൂടെ 2001 ലാണ് അമേരിക്കയിലെ ആതുരസേവന രംഗത്തെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. ഭാര്യയും സഹായത്തിന് കൂടെക്കൂടിയപ്പോൾ 15-16 വർഷം അവിടെ ജോലി ചെയ്തു.200 ഫെസിലിറ്റി ഉണ്ടായിരുന്നതിൽ 15 പേരെയേ സിഇഒ റൗണ്ട് ടേബിളിൽ അംഗമായി തിരഞ്ഞെടുത്തിരുന്നുള്ളു. തുടർച്ചയായി 8 വർഷം സിഇഒ റൗണ്ട് ടേബിൾ മെമ്പറായിരുന്നു.

മറ്റു പല ഹോസ്പിറ്റലുകളിൽ നിന്നും ഇതിനിടയിൽ വിളിവന്നു. വെള്ളക്കാർ മാത്രം പങ്കെടുത്ത ഇന്റർവ്യൂവിൽ, ഞാൻ തിരഞ്ഞെടുക്കപ്പെട്ടതും രസകരമായ സംഭവമാണ്. പ്രവർത്തിപരിചയമോ ഭാഷാപ്രാവീണ്യമോ അളവുകോലാക്കിയിരുന്നെങ്കിൽ ഞാൻ പിന്തള്ളപ്പെടുമായിരുന്നു. എന്നെ ഹയർ ചെയ്താൽ ആ ആശുപത്രിയിൽ സന്തോഷം നിറയ്ക്കുമെന്ന് ആത്മവിശ്വാസത്തോടെ പറഞ്ഞതാണ് മറ്റ് ഉദ്യോഗാർത്ഥികളെ തള്ളിമാറ്റി,ഞാൻ നിയമിതനാകാൻ കാരണമായത്.ഒരുപാട് കാര്യങ്ങൾ പരത്തിപറയുന്നതിലല്ല, പറയുന്ന കാര്യങ്ങൾ ക്ലാരിറ്റിയോടെ അവതരിപ്പിക്കുന്നതിനാണ് പ്രാധാന്യമെന്നുള്ള തിരിച്ചറിവ് അതിന് ശേഷമാണ് ഉണ്ടായത്.

**ചീഫ് ഹാപ്പിനസ് ഓഫീസർ എന്ന പദവിയെക്കുറിച്ച്?**

നമ്മുടെ കൈയിലുള്ളത് മാത്രമെ മറ്റുള്ളവർക്ക് കൊടുക്കാൻ കഴിയൂ. അപ്പോൾ ഒരാൾക്ക് സന്തോഷം പ്രദാനം ചെയ്യണമെങ്കിൽ ആദ്യം നമ്മൾ

emalayalee.com




സന്തോഷമുള്ളവരായിരിക്കണം.ചെറിയകാര്യങ്ങളിൽപോലും സന്തോഷിക്കുന്ന ആളാണ് ഞാൻ. എല്ലാവരിലും നെഗറ്റീവും പോസിറ്റീവും ഉണ്ട്. അതിൽ പോസിറ്റീവ് മാത്രമേ ഞാൻ എടുക്കാറുള്ളൂ. പണവും പ്രശസ്തിയും ഒരുപരിധി വരെ സന്തോഷം നൽകുമെങ്കിലും സമാധാനമാണ് ഏറ്റവും പ്രധാനം. എല്ലാവരിലും സന്തോഷമെത്തിക്കുക എന്ന സന്ദേശം പകരുന്നതിന് ഞാൻ തന്നെ കണ്ടെത്തിയ പദവിയാണ് ചീഫ് ഹാപ്പിനസ് ഓഫിസർ എന്നത്. എപ്പോഴും പോസിറ്റീവായി പാഷനേറ്റായി ജനങ്ങൾക്കിടയിൽ നിൽക്കാൻ ശ്രമിക്കാറുണ്ട്. ആർക്കെങ്കിലും എന്തെങ്കിലും സഹായം ചെയ്യാൻ പറ്റുമെങ്കിൽ അത് ചെയ്യുക . ഞാൻ എന്റെ പ്രസംഗത്തിൽ എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്: We need to have a sense of urgency when we wake up and a sense of accomplishment when we go to sleep.

മറ്റുള്ളവരെ കേൾക്കാനും ആശയവിനിമയത്തിലൂടെ അവരുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരാനും എന്നെപ്പോലെ ആർക്കും ഒരു കൈ നോക്കാവുന്നതാണ്.അതിലൂടെ ലഭിക്കുന്ന ആനന്ദം പറഞ്ഞറിയിക്കാനാവില്ല.എന്റെ സ്റ്റാഫുകളുടെയും സുഹൃത്തുക്കളുടെയും ജന്മദിനത്തിന് അവരെ വിളിച്ച് ഹാപ്പി ബർത്ത്ഡേ ടു യൂ എന്ന് പാടി അവരെ വിഷ് ചെയ്യാറുണ്ട്. അതുകേട്ട് പലരും അന്തംവിട്ട് നിന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ഗ്രൂപ്പിൽ ഒരു ആശംസാസന്ദേശം ഇടുന്നതിനേക്കാൾ ശക്തമാണ് പേഴ്സണലായി വിഷ് ചെയ്യുന്നത്. കൂട്ടത്തിൽ ഒരാളാകുന്നതിൽ കാര്യമില്ല. നമ്മൾ മൂലം ഒരാളുടെ ചുണ്ടിൽ പുഞ്ചിരി വിരിയുമെങ്കിൽ,ആ അവസരം നഷ്ടപ്പെടുത്തരുത്.

**കോവിഡിന്റെ പ്രാരംഭ ഘട്ടത്തിൽ അമേരിക്കയിലെ നഴ്സിംഗ് ഹോമുകളിലെ അവസ്ഥ ദുഷ്കരമായിരുന്നില്ലേ?**

കോവിഡ് വന്ന് പല രോഗികളും മരിക്കുന്ന സാഹചര്യം ഉണ്ടായി. ഒരുപാട് ടെൻഷനടിച്ച സമയമായിരുന്നു . എനിക്കും ഭാര്യയ്ക്കും കോവിഡ് വന്നു. വേൾഡ് മലയാളി കൗൺസിലിലൂടെ ഓക്സിജൻ കോൺസൻട്രേറ്ററുകൾ, ഓക്സിമീറ്ററുകൾ, തുടങ്ങിയവ നാട്ടിലെ ആവശ്യക്കാരിലേക്ക് എത്തിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

**രണ്ടരപ്പതിറ്റാണ്ടിന്റെ ശ്രമഫലമായി കെട്ടിപ്പടുത്ത ജോലി ഒരു സുപ്രഭാതത്തിൽ രാജിവച്ച് ഇന്ത്യയിൽ തുടരാൻ തീരുമാനിച്ചല്ലോ?**

കോവിഡ് പിടിപെട്ട് അച്ഛൻ ഐസിയുവിൽ ആയിരുന്നു. 24 വർഷത്തോളം ഇന്ത്യയിലേക്ക് രണ്ടോ മൂന്നോ ആഴ്ച വീതമുള്ള ഹ്രസ്വസന്ദർശനങ്ങളേ സാധ്യമായിരുന്നുള്ളു. അച്ഛനും അമ്മയ്ക്കും ആവശ്യമുള്ളപ്പോൾ അവരുടെ കൂടെ വേണം എന്ന ചുമതലാബോധം കൊണ്ടാണ് 2020 ഡിസംബറിൽ ജോലി രാജിവച്ചത്.ആതുരസേവനരംഗത്ത് പ്രവർത്തിച്ചതിലൂടെ, പ്രായമായ ആളുകളുടെ വികാരങ്ങളും അവരുടെ ആവശ്യങ്ങളും മനസിലാക്കാൻ കഴിഞ്ഞ എനിക്ക്, സ്വന്തം അച്ഛനെയും അമ്മയെയും പരിചരിക്കുന്നതിന് കൂടുതലൊന്നും ചിന്തിക്കാനില്ല. അതാണ് ഞാൻ നിർവ്വഹിക്കേണ്ട ഏറ്റവും വലിയ ഉത്തരവാദിത്തം. നാട്ടിലായിരിക്കെയാണ്, ടെക്സസ്

ഗവർണർ എന്നെ ലോക്ക് ഡൗൺ കെയർ അഡ്വൈസറി ബോർഡിലേക്ക് നിയമിച്ചത്. അത് 5 വർഷത്തേക്കാണ്. ഇപ്പോൾ, രണ്ടുമാസം കൂടുമ്പോൾ അച്ഛനെയും അമ്മയെയും കെയർ ചെയ്യാൻ കേരളത്തിൽ വന്നുപോവുകയാണ്. ചില ബിസിനസുകളും അതിനിടയിൽ തുടങ്ങി.

**അമേരിക്കയിലെ അസോസിയേഷനുകളുമായുള്ള ബന്ധം?**

ടെക്സസിൽ ഇന്ത്യ അസോസിയേഷന്റെ പ്രസിഡന്റായിരുന്നു.വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ സ്ഥാനവും വഹിച്ചിരുന്നു. എട്ടു വിവിധ ബോർഡുകളിൽ അംഗമായി പ്രവർത്തിക്കാനും സാധിച്ചു.

**ഹാപ്പിനസ് മാജിക് ബൈ ഹരി എന്ന യൂട്യൂബ് ചാനലിനെക്കുറിച്ച്?**

പോപുലാരിറ്റിയ്ക്ക് വേണ്ടിയായിരുന്നില്ല.എന്റെ സ്കിൽ ഡവലെപ് ചെയ്യാൻ വേണ്ടിയായിരുന്നു ചാനൽ തുടങ്ങിയത്. ഞാൻ നടത്തുന്ന അഭിമുഖങ്ങളാണ്

പ്രധാന കണ്ടന്റ്.

**സംതൃപ്തി തോന്നിയ അനുഭവങ്ങൾ?**

ഞാനും ഒന്നു രണ്ടു സുഹൃത്തുക്കളും കൂടി ഹൂസ്റ്റൺ നഗരത്തിൽ ഗ്ലോബൽ ഇന്ത്യൻ മീഡിയ എന്ന പത്രം തുടങ്ങി. ജെയിംസ് കോഡയുടെ ഫിനാൻഷ്യൽ സപ്പോർട്ടും നമ്മുടെ ഐഡിയയും ക്രിയേറ്റീവിറ്റിയും ചേർന്ന് പത്രം നല്ല നിലയിൽ പോകുന്നു. അതുമായി ബന്ധപ്പെട്ട് ഏറെ സംതൃപ്തിയും സന്തോഷവുമുണ്ട്.ഗ്ലോബൽ ഇന്ത്യ മീഡിയയുടെ ആദ്യ അവാർഡ് പത്തനാപുരം ഗാന്ധിഭവനിൽ വച്ച് നടത്താൻ സാധിച്ചതിൽ ചാരിതാർഥ്യമുണ്ട്.അവിടത്തെ അന്തേവാസികൾക്ക് ഭക്ഷണം നൽകിക്കൊണ്ട് അവരുടെ പ്രാർത്ഥനകളോടെ, പ്രതീക്ഷിച്ചതിനും അപ്പുറമൊരു റീച്ച് ചുരുങ്ങിയ സമയം കൊണ്ട് ഞങ്ങളുടെ പത്രം നേടി. രണ്ടാമത്തെ അവാർഡ് നൈറ്റ് അമേരിക്കയിൽ നടത്തിയപ്പോൾ ടി.പി.ശ്രീനിവാസൻ, ടോമിൻ തച്ചങ്കരി, മുതലായവരെ ആദരിക്കുകയും ചെയ്തു. മൂന്നാം വർഷത്തിലേക്ക് കടക്കുന്ന ഞങ്ങളുടെ ഉദ്യമം, ആഘോഷപൂർവമായി കൊണ്ടാടാനും ഇത്രയും ആദരവ് സമൂഹത്തിന് സമർപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് വലിയ വിജയമായിട്ട് തന്നെ കരുതുന്നു.




സൂം പ്ലാറ്റ്ഫോമിലൂടെ 24 മണിക്കൂർ തുടർച്ചയായി ഓണാഘോഷം സംഘടിപ്പിച്ചപ്പോൾ അതിന്റെ അമരത്ത് നിൽക്കാൻ സാധിച്ചത് ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒന്നാണ്. മറ്റുള്ളവർക്ക് തണലേകാൻ നടത്തി വരുന്ന നിരവധി പ്രവർത്തനങ്ങൾക്ക് മുൻകൈയെടുത്തു എന്നതും സംതൃപ്തി നൽകുന്നു. യുവജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ ബോധവത്ക്കരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങി വിവിധ വിഷയങ്ങളിൽ നമ്മൾ നടത്തുന്ന സെമിനാറുകളും പ്രഭാഷണങ്ങളും ആളുകളിൽ പോസിറ്റീവ് ഇമ്പാക്ട് ഉണ്ടാക്കിയാൽ, അത്രയും മതി മനസ്സ് നിറയാൻ.

**പുരോഗമന ചിന്താഗതിക്കാരെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി പലരും ജാതിവാല് മുറിക്കുന്ന പ്രവണതയുണ്ടല്ലോ,അതിനെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?**

എന്റെ അച്ഛന്റെ പേര് കൃഷ്ണൻ നമ്പൂതിരി എന്നാണ്. അദ്ദേഹത്തിന്റെ പേര് മകനെന്ന നിലയിൽ ഒപ്പം ചേർക്കുന്നതിൽ അഭിമാനവും സന്തോഷവുമേ തോന്നിയിട്ടുള്ളൂ.അതിനെ ജാതിവാലായി കണ്ടിട്ടില്ല. വാല് മുറിച്ച് പുരോഗമനം തെളിയിക്കണമെന്ന് തോന്നിയിട്ടില്ല.അത് ഓരോരുത്തരുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണ്.

**പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ ?**

സാവാ സീനീയർ കെയർ ബ്ലൂ റിബൺ ആൻഡ് സിഇഒ റൗണ്ട് ടേബിൾ അവാർഡ്, ഇന്ത്യാ അസോസിയേഷൻ ഓഫ് റിയോ ഗ്രാൻഡ് വാലിയുടെ ഹ്യുമാനിറ്റേറിയൻ അവാർഡ്, ടെക്സസ് ഹെൽത്ത് കെയർ അസോസിയേഷൻ അഡ്മിന്സ്ട്രേറ്റർ ഓഫ് ദ ഇയർ 2009 അവാർഡ്, അമേരിക്ക ഹെൽത്ത് കെയർ അസോസിയേഷൻ നാഷണൽ ക്വാളിറ്റി അവാർഡ്,ഗ്ലോബൽ പ്രവാസി ഫോറത്തിന്റെ പോസിറ്റിവിറ്റി ഐക്കൺ അവാർഡ്,വേൾഡ് മലയാളി കൗൺസിലിന്റെ ഹാപ്പിനസ് ആൻഡ് പോസിറ്റിവിറ്റി സ്റ്റാർ തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.സൗത്ത് ടെക്സസിൽ സാമൂഹിക പ്രവർത്തനത്തിനും നേതൃപാടവത്തിനും കോൺഗ്രഷണൽ അംഗീകാരം നേടിയ ആദ്യ ഇന്ത്യക്കാരനാണ്. നാഷണൽ ക്വാളിറ്റി ക്യാബിനറ്റിൽ അംഗമാകുന്ന ആദ്യ ഭാരതീയരിൽ ഒരാൾ എന്ന നേട്ടവും കൈവരിക്കാൻ സാധിച്ചു.

**കുടുംബം?**

അഞ്ചു സുന്ദരികളും ഞാനും ഉൾപ്പെടുന്നതാണ് കുടുംബം- ഭാര്യയും നാലുപെണ്മക്കളും .മൂത്തമകൾ ആര്യ സരസ്വതി പീഡിയാട്രീഷൻ,ഭർത്താവും ഡോക്ടർ. രണ്ടാമത്തെ ആൾ സൂര്യലക്ഷ്മി, മെഡിസിൻ ഫസ്റ്റ് ഇയർ പഠിക്കുന്നു, പിന്നെ ഇരട്ട പെൺകുട്ടികൾ വീണയും വർഷയും. വീണ ന്യൂറോ സയൻസ് മേജർ എടുത്ത് പ്രീമെഡ് ചെയ്യുന്നു . വർഷ സ്കൂൾ ഓഫ് ബിസിനസിൽ പഠിക്കുന്നു . എല്ലാവരും പല സ്ഥലത്താണ്. ജിയ എന്ന പട്ടികുട്ടിയാണ് എനിക്കും ഭാര്യയ്ക്കും ഇപ്പോൾ കൂട്ട്.

emalayalee.com